**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 411** **27-01-2026 - ൽ മറുപടിയ്ക്ക്**

**ഷൊർണ്ണൂർ മണ്ഡലത്തിലെ ജൈവ/അജൈവ മാലിന്യ ശേഖരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഷൊർണ്ണൂർ നിയോജക മണ്ഡലത്തിലെ ചെർപ്പുളശ്ശേരി, ഷൊർണ്ണൂർ മുനിസിപ്പാലിറ്റികളിൽ ജൈവ/അജൈവ മാലിന്യ ശേഖരണം പൂർണമായി നടപ്പിലാക്കാൻ സാധിക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) | ചെർപ്പുളശ്ശേരി, ഷൊർണ്ണൂർ മുനിസിപ്പാലിറ്റികളിൽ അജൈവ മാലിന്യ സംസ്കരണം കാര്യക്ഷമമായി നടന്നുവരുന്നുണ്ട്. ഹരിതകർമ്മസേന മുഖേന നഗരസഭയിലെ വീടുകൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും അജൈവ മാലിന്യം ശേഖരിച്ചുവരുന്നുണ്ട്. മാലിന്യ ശേഖരണ-സംസ്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഹരിതമിത്രം 2.0 എന്ന സ്മാർട്ട് ഗാർബേജ് ആപ്ലിക്കേഷൻ ഉപയോഗിച്ച് വരുന്നു.<br><br>ചെർപ്പുളശേരി നഗരസഭയിൽ ജൈവ മാലിന്യ സംസ്കരണത്തിനായി ഗാർഹിക തലത്തിൽ ബയോബിന്നുകളും റിംഗ് കമ്പോസ്റ്റുകളും വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ സ്ഥാപന തലത്തിൽ തുമ്പൂർമുഴി മോഡൽ എയറോബിക് പ്ലാന്റും സ്ഥാപിച്ചിട്ടുണ്ട്.<br><br>ഷൊർണ്ണൂർ നഗരസഭയിൽ പൊതുയിടങ്ങളിലെ ജൈവ മാലിന്യം നഗരസഭയിലെ ക്രെഡായി ബിന്നുകൾ, തുമ്പർമുഴി എന്നീ സംവിധാനങ്ങൾ ഉപയോഗിച്ച് സംസ്കരിച്ചു വരുന്നു. ഷൊർണ്ണൂർ നഗരസഭയിൽ വീടുകളിൽ നിന്നും ജൈവമാലിന്യം ശേഖരിക്കുന്നില്ല. വീടുകളിലുണ്ടാകുന്ന ജൈവമാലിന്യം സംസ്കരിക്കുന്നതിനായി ബയോ കമ്പോസ്റ്റർ ജി ബിന്നുകൾ, പൈപ്പ് കമ്പോസ്റ്റുകൾ, ബയോഗ്യാസ് പ്ലാന്റ്, റിംഗ് കമ്പോസ്റ്റുകൾ, ബയോ ബിന്നുകൾ, ബക്കറ്റ് കമ്പോസ്റ്റുകൾ എന്നിവ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി വീടുകളിൽ കമ്പോസ്റ്റ് പിറ്റ് നിർമ്മിച്ചു നൽകിയിട്ടുമുണ്ട്. |
| (ബി) | പ്രസ്തുത മുനിസിപ്പാലിറ്റികളിൽ മാലിന്യ സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കാൻ ഭൂമി കണ്ടെത്തിയിട്ടുണ്ടോയെന്നും ഇതുമായി ബന്ധപ്പെട്ട | (ബി) | ചെർപ്പുളശേരി നഗരസഭയിൽ അജൈവ മാലിന്യ സംസ്കരണത്തിന് കൂടുതൽ സൗകര്യങ്ങളോടു കൂടിയ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി (MRF) സ്ഥാപിക്കുന്നതിനുവേണ്ടി സ്ഥലം കണ്ടെത്തിയിരുന്നു. |

| | | | |
|---|---|---|---|
| | കോടതി നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ? | | **എന്നാൽ പ്രാദേശിക പ്രക്ഷോഭത്തെ തുടർന്ന് സ്ഥലം വാങ്ങൽ നടപടിയുമായി മുമ്പോട്ട് പോകേണ്ടതില്ലെന്ന് നഗരസഭ കൗൺസിൽ തീരുമാനിക്കുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് കോടതി നിർദ്ദേശങ്ങൾ ലഭിച്ചിട്ടില്ല.**<br><br>**ഷൊർണൂർ നഗരസഭയിൽ മാലിന്യ സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കാൻ പുതിയതായി ഭൂമി കണ്ടെത്തിയിട്ടില്ല. നിലവിൽ അജൈവ മാലിന്യ സംസ്കരണത്തിനായി 7000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (MCF), റിസോഴ്സ് റിക്കവറി ഫെസിലിറ്റി (RRF) കേന്ദ്രം സ്ഥാപിച്ചിട്ടുള്ളതാണ്.** |

സെക്ഷൻ ഓഫീസർ